(Pages : 3) **C – 4130**

Reg. No. : ...............................

Name : ...............................

**Second Semester B.A./B.Sc. Degree Examination, July 2017**
**First Degree Programme Under CBCSS**
**MALAYALAM LANGUAGE**
**Language Course – V (Additional Language – II)**
**ML 1211.1 : Gadyasahityam**
**(2014 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യങ്ങളിലോ ഉത്തരമെഴുതുക.

1) 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' ആരുടെ കൃതിയാണ് ?

2) ''മറിയയുടെ മകളായും ഗോകുലിന്റെ പ്രതിശ്രുത വധുവായും അല്ലാതെ നിങ്ങൾക്ക് എന്നെ കാണാൻ കഴിയില്ലേ ? എന്നെ ഞാനായി മാത്രം കണ്ടാൽ എന്താണ് കുഴപ്പം ?'' – ആരാണ് ഇപ്രകാരം പറയുന്നത് ?

3) 'എന്റെ ഗന്ധർവ്വസ്നേഹിതൻ' എന്ന കഥയിലെ ഗന്ധർവ്വന് ആഖ്യാതാവ് കൊടുത്ത പേരെന്ത് ?

4) ''പതിനെട്ടാം നൂറ്റാണ്ടിൽ നിന്നു കടന്നു വന്ന ഒരു കഥാപാത്രത്തെപ്പോലെ അവൾ ആ വലിയ മുറിയുടെ മൂലയ്ക്ക് പതുങ്ങി നിന്നു'' – ആരെക്കുറിച്ചാണ് പരാമർശം ?

5) 'രോഗവും സാഹിത്യഭാവനയും' ആരുടെ കൃതിയാണ് ?

6) 'ചെറുകഥ – ഇന്നലെ, ഇന്ന് ' – ആരെഴുതി ?

7) 'കൊമാല' എന്ന പ്രശസ്ത ചെറുകഥ ആരുടെയാണ് ?

8) ''രാവിലെ തമ്മിൽ പിരിഞ്ഞു വീണ്ടും കാണുക എന്നൊന്നുണ്ടാവില്ല. നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക.'' ഏതു കഥയിലെ വരികളാണിത് ?

9) 'കളിത്തോഴി' എന്ന നോവലെഴുതിയതാര് ?

10) 'ഈ നാൽപ്പത്തെട്ടുവരിക്കവിതയോളം ഹൃദയാവർജ്ജകമായി മറ്റൊരു നാൽപ്പത്തെട്ടു വരി പിൽക്കാലത്തു മലയാളത്തിൽ എഴുതപ്പെട്ടിട്ടില്ല' – ഏതു കവിതയെക്കുറിച്ചാണ് പരാമർശിക്കുന്നത് ? **(10×1=10 മാർക്ക്)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ''പ്രത്യയശാസ്ത്രങ്ങൾ മാത്രമല്ല, കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു. അങ്ങനെയുള്ള ഒരു രക്തസാക്ഷിയാണു മകളേ നീ'' – ആരാണ് ഇപ്രകാരം പറയുന്നത് ? സന്ദർഭമേത് ?

12) ''അത്ര മനോഹരമായ കൈകൾ അയാൾ അതിനു മുമ്പൊരിക്കലും കണ്ടിട്ടില്ല. എങ്കിലും ആ കൈകൾ തൊട്ടു നോക്കുവാൻ അയാൾ മടിച്ചു.'' – സന്ദർഭം വ്യക്തമാക്കുക.

13) പെൺ മുന്നേറ്റങ്ങൾക്കൊക്കെ തടയിടുന്ന ഭീരുതയുടെ പര്യായമാണ് 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന നോവലിലെ 'രാധിക' എന്ന കഥാപാത്രം – വ്യക്തമാക്കുക.

14) ''ഞാൻ ഹിന്ദുവാണ്. ഒരു ക്രിസ്ത്യാനിയെ വിവാഹം ചെയ്യാൻ ഒരു ഹിന്ദുവിന് സ്വാതന്ത്ര്യമുണ്ടോ എന്നെനിക്കറിയില്ല'' – ആരുടെ വാക്കുകളാണിത് ? സന്ദർഭമേത് ?

15) 'ജന്മിത്വം തകർക്കണം' എന്ന് ഉറച്ചു വിളിച്ചിരുന്ന അയാൾക്ക് തൊണ്ടയിടറി. ആരും തകർക്കാതെ തന്നെ അതു തകർന്നിരിക്കുന്നു' – സന്ദർഭം വ്യക്തമാക്കുക.

16) സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളുടെ പൊതുസ്വഭാവങ്ങൾ വിലയിരുത്തുക.

17) 'അച്യുതമ്മാമ' എന്ന കഥയ്ക്ക് ഒരു ലഘു ആസ്വാദനം തയ്യാറാക്കുക.

18) ''കുഞ്ഞുങ്ങൾക്കനുകൂലമായ പുതിയ ബാലമനോവിജ്ഞാനീയം പോലും ഈ അഭിപ്രായം ആദരിക്കുന്നില്ല'' – അഭിപ്രായമെന്ത് ? വ്യക്തമാക്കുക.

19) കവിതയുടെ മൂലഘടകങ്ങളെക്കുറിച്ച് അഴീക്കോടിന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

20) ''രോഗത്തെക്കുറിച്ചുള്ള ഭീതി ആധി പോലെ ഇവരെ അലട്ടിക്കൊണ്ടിരുന്നു. കത്തുകളിലും ദിനക്കുറിപ്പുകളിലും രോഗത്തിന്റെ ഭയങ്കരമായ അവസ്ഥയെക്കുറിച്ച് ഇവർ പറഞ്ഞു കൊണ്ടിരുന്നു'' – ആരെക്കുറിച്ചാണ് പറയുന്നത് ? വ്യക്തമാക്കുക.

21) 'വൈലോപ്പിള്ളിയുടെ തന്നെ ഇതരകൃതികളിൽ പഴം മുലയുടെ ചിഹ്നമായി ഉപയോഗിച്ചു കാണുന്നുണ്ട് ' – എം. എൻ. വിജയൻ ഇക്കാര്യം സമർത്ഥിക്കുന്നതെങ്ങനെ ?

22) ഉത്തരാധുനിക കഥകളെക്കുറിച്ച് കുറിപ്പെഴുതുക. **(8×2=16 മാർക്ക്)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23) അമർത്തിപ്പിടിച്ചൊരു പരിഹാസം 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന നോവലിലുടനീളം കാണാം – സമർത്ഥിക്കുക.

24) ബൂർഷ്വാ മൂല്യങ്ങളെ അട്ടിമറിക്കുന്ന കഥാപാത്രമാണ് 'ഒരു ദളിത് യുവതിയുടെ കദനകഥ'യിലെ 'വസുന്ധര' – സമർത്ഥിക്കുക.

25) 'ആറാം കാലം' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

26) ആദ്യകാല കഥകളിൽ ഏറ്റവും രൂപഭദ്രതയോടു കൂടി എഴുതപ്പെട്ട ചുരുക്കം കഥകളിലൊന്നാണ് 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' – സമർത്ഥിക്കുക.

27) 52 × 32 എന്ന കഥയ്ക്ക് ഒരാസ്വാദനക്കുറിപ്പെഴുതുക.

28) 'ഏറ്റവും ഡിമാന്റുള്ള വിൽപ്പനച്ചരക്ക് സ്ത്രീയുടെ നഗ്നതയാണ്' എന്ന ആശയത്തെ 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന നോവൽ മുന്നോട്ടു വെക്കുന്നതെങ്ങനെ ?

29) കലാമണ്ഡലം കൃഷ്ണൻനായരുടെ 'ഗുരുസ്മരണ' സംഗ്രഹിക്കുക.

30) 'മഹാനടൻ' എന്ന ലേഖനത്തിൽ ചുള്ളിക്കാട് പറയുന്ന കാര്യങ്ങൾ സംഗ്രഹിക്കുക.

31) 'ഇതാ ഇവിടെ വീരയുടെ പരസ്യവണ്ടി പുറപ്പെടുന്നു' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ വിലയിരുത്തുക. **(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32) 'വ്യക്തിപരമായ നഷ്ടങ്ങളിലൂടെ മാത്രമേ സമൂഹത്തിന് നന്മയുണ്ടാവുകയുള്ളൂ' എന്ന വിശ്വാസം 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന നോവലിൽ അന്തർദ്ധാരയായി ഒഴുകുന്നുണ്ടോ ? ചർച്ച ചെയ്യുക.

33) 'പാശ്ചാത്യരെക്കുറിച്ചുള്ള മലയാളിയുടെ ധാരണകളെ തകർക്കുന്ന കഥ കൂടിയാണ് ലോല' – സമർത്ഥിക്കുക.

34) പോയ്മറഞ്ഞ കാലത്തെക്കുറിച്ചുള്ള ഓർമ്മയോടൊപ്പം ചരിത്രത്തിൽ കാണാതെ പോയ ചില തേങ്ങലുകൾ 'മനുഷ്യപുത്രി' അനുഭവിപ്പിക്കുന്നു – സമർത്ഥിക്കുക.

35) 'മാമ്പഴം' എന്ന കവിതയ്ക്ക് മറ്റൊരു ആസ്വാദനതലം ചമയ്ക്കുകയാണ് എം. എൻ. വിജയൻ തന്റെ ലേഖനത്തിലൂടെ ചെയ്യുന്നത് – അഭിപ്രായം വിലയിരുത്തുക. **(2×15=30 മാർക്ക്)**